# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLIX    March 2019    No. 3


| Author | ARTICLES | Page |
|---|---|---|
| ഡോ. മുനിരാജു എസ്.ബി. | സമത്വസമൂഹസൃഷ്ടിയും പുരോഗതിയും [യോജന, മാർച്ച് 2019] | 1-12 |
| ഡോ.എം.ശാർങ്ഗധരൻ | വിപണിയിലുണ്ടായ നവീകരണവും കെണികളിലുണ്ടായ വൈപുല്യവും [എഴുത്ത്, മാർച്ച് 2019] | 13-22 |
| V. Venkatesan | In the fear of eviction [Frontline, 29 March 2019] | 23-28 |
| Anjana Singh | Many Faces of the Pathalgadi Movement in Jharkhand [Economic & Political Weekly, 16 March 2019] ] | 29-41 |
| | **BOOK REVIEW** | |
| Manjula Padmanabhan | The Eternal River -[A Review of the Book-"I have become the tide", written by Githa Hariharan] [India Today, 4 March 2019] | 42-43 |
| | **LEGISLATIVE BUSINESS** | |
| | Resume of Business-16th Session of the 16th Loksabha | 44-47 |

FOCUS



# സമത്വസമൂഹസൃഷ്ടിയും പുരോഗതിയും

**ഡോ. മുനിരാജു എസ്. ബി.**

സമൂഹത്തിൽ തുല്യപദവി ലഭിക്കാൻ ഗൗരവമായ പരിഗണന ആവശ്യമായ ചില വിഭാഗങ്ങൾ ഉള്ളതായി കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗം, പട്ടികജാതി, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, നാടോടികളായ ഗോത്രവർഗ്ഗക്കാർ, ശുചീകരണ തൊഴിലാളികൾ, മറ്റ് മത ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവർ ഈ ഗണത്തിലുണ്ട്. കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ഭിന്നശേഷിക്കാർ, അഗതികൾ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജൻഡറുകൾ, കുട്ടികൾ, സ്ത്രീകൾ എന്നിവരും ഇതിൽ ഉൾപ്പെടുന്നു.

പിന്നാക്കവിഭാഗക്കാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് ജാതി, മത, വർഗ്ഗ, ലിംഗ ഭേദമില്ലാതെ മൗലികാവകാശം പ്രാപ്യമാക്കണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന് നിർദ്ദേശക തത്വങ്ങൾ സഹായിക്കുന്നു. ദുർബല വിഭാഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ യോജിച്ച പരിപാടികളും നയതീരുമാനങ്ങളും തുടർച്ചയായി വന്ന ഗവൺമെന്റുകൾ കൈക്കൊണ്ടിട്ടുണ്ട്. ദുർബല ജനവിഭാഗത്തിന് മതിയായ അവസരങ്ങൾ നൽകാനായി നിയമനിർമ്മാണവും നടത്തി.

എന്നാൽ മറ്റ് മുന്നാക്ക വിഭാഗങ്ങൾക്ക് സമമായ നേട്ടം ഇക്കൂട്ടർക്ക് പലയിടങ്ങളിലും ഇനിയും പ്രാപ്യമായിട്ടില്ല എന്ന് കാണാം. എസ്.സി./എസ്.ടി., ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സൂചികകളുടെ അടിസ്ഥാനത്തിലുള്ള താരതമ്യ പഠനം ചുവടെ ചേർത്തിട്ടുള്ള പട്ടികകളിലുണ്ട്.

പ്രസ്തുത പട്ടികകളിൽ നിന്നും മുൻകാലത്തെ അപേക്ഷിച്ച് SC, ST വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പദവി ക്രമേണ ഉയർന്നതായി കാണാം. എന്നാൽ പൊതുവിഭാഗവുമായുള്ള അന്തരം ഇപ്പോഴും നിലനിൽക്കുന്നു.

**പുരോഗതിക്കായുള്ള ഇടപെടലുകൾ**

കരുതലില്ലാതെ, പ്രതികൂല സാഹചര്യത്തിൽ കഴിയുന്ന ദുർബല, പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകി എല്ലാ പൗരന്മാർക്കും തുല്യസാമൂഹ്യ പരിഗണന



നൽകാൻ ഭരണഘടന അനുശാസിക്കുന്നു. ഇത്തരത്തിൽ ജനാധിപത്യപരമായ കടപ്പാടുള്ള ക്ഷേമരാഷ്ട്രമാണ് ഇന്ത്യ. എല്ലാവരേയും ഒരു പോലെ ഉൾക്കൊണ്ട് ശാക്തീകരിക്കുന്ന വികസനത്തിന് ഗവൺമെന്റുകൾ പ്രതിജ്ഞാബദ്ധമാണ്. വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, തൊഴിൽ രംഗങ്ങളിൽ ഉറച്ച ചില ചുവടുവയ്പുകൾ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സംവരണം, തൊഴിൽ സംവരണം, രാഷ്ട്രീയ പ്രതിനിധ്യം എന്നിവയാണവ.

**ദുർബല വിഭാഗങ്ങളുടെ ജനസംഖ്യാ പ്രാതിനിധ്യം**

| സാമൂഹ്യ വിഭാഗങ്ങൾ | ആകെ | |
|---|---|---|
| | **2001** | **2011** |
| പട്ടികജാതിക്കാർ | 16.2 | 16.6 |
| പട്ടികവർഗ്ഗക്കാർ | 8.2 | 8.6 |
| ന്യൂനപക്ഷങ്ങൾ | 18.8 | 19.32 |
| ഭിന്നശേഷിക്കാർ | 2.1 | 2.21 |
| പ്രായമായവർ | 7.4 | 8.6 |
| ട്രാൻസ്ജൻഡർ | - | 0.04 |
| സ്ത്രീകൾ | 48.26 | 48.46 |
| കുട്ടികൾ | 15.93 | 13.1 |
| ഒ.ബി.സി. വിഭാഗം | - | 40.94* |

(അവലംബം -2001 ലെയും 2011ലെയും സെൻസസ് വിവരം.* ദേശീയ സാമ്പിൾ സർവ്വെയുടെ 2004-05 ലെ കണക്ക്)

**വിവിധ സാമൂഹ്യവിഭാഗങ്ങളുടെ സാക്ഷരതാ നിരക്ക്**

| **സാമൂഹ്യവിഭാഗങ്ങൾ** | **2001** | **2011** |
|---|---|---|
| പട്ടികജാതിക്കാർ | 54.69 | 66.07 |
| പട്ടികവർഗ്ഗക്കാർ | 47.10 | 58.96 |
| **മത ന്യൂനപക്ഷങ്ങൾ** | | |
| മുസ്ലീങ്ങൾ | 59.1 | 68.5 |
| ക്രിസ്ത്യാനികൾ | 80.3 | 84.5 |
| സിഖ് മതക്കാർ | 69.4 | 75.4 |
| ബുദ്ധ മതക്കാർ | 72.7 | 81.3 |
| ജൈന മതക്കാർ | 94.1 | 94.9 |
| മറ്റ് മതവിഭാഗങ്ങൾ | 47.0 | 59.9 |
| മറ്റെല്ലാവരും | 64.84 | 72.99 |

(അവലംബം -2011 ലെ സെൻസസ്)



**ഗവൺമെന്റ് ജോലി നേടിയവരിലെ എസ്.സി/എസ്.ടി. പ്രാതിനിധ്യം**

| വിഭാഗങ്ങൾ/വർഷം | 1960 | 1970 | 1980 | 1990 | 2000 | 2011 |
|---|---|---|---|---|---|---|
| പട്ടികജാതി | 228497 | 291374 | 490592 | 590108 | 582446 | 518397 |
| പട്ടികവർഗ്ഗം | 37704 | 60325 | 125004 | 185245 | 225917 | 222442 |
| പട്ടികജാതി/പട്ടികവർഗ്ഗ ഇതര വിഭാഗം | 1600528 | 2147584 | 2516129 | 2701700 | 2819519 | 3014800 |

(അവലംബം -ഉദ്യോഗസ്ഥ , പൊതുപരാതി, പെൻഷൻ മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ടുകൾ)

## വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ

ദുർബല വിഭാഗങ്ങളുടെ പ്രശ്നപരിഹാരത്തിന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഏറെയാണ്. പല തട്ടിലുള്ള സ്കോളർഷിപ്പുകൾ ഇതിനായി നൽകി വരുന്നു. പ്രീ–മെട്രിക്, പോസ്റ്റ് – മെട്രിക്, ദേശീയ ഫെല്ലോഷിപ്പുകൾ, നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്, മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, ഉന്നത ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടത്. കൂടുതൽ പേരെ പഠനരംഗത്തേയ്ക്ക് കൊണ്ടുവരാനും കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും ഇതുവഴി സാധിച്ചു. പ്രൊഫഷണൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ ഉറപ്പാക്കി സ്വയം പര്യാപ്തതക്കു വഴി തെളിക്കാനും കഴിഞ്ഞു. ഈ സ്കോളർഷിപ്പുകൾ SC,ST, ന്യൂനപക്ഷങ്ങൾ, OBC, ഭിന്നശേഷിയുള്ളവർ, പെൺകുട്ടികൾ, നാടോടികൾ തുടങ്ങിയ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ലഭിക്കുക.

ഗോത്രവിഭാഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി കൊഴിഞ്ഞുപോക്ക് കുറക്കുന്നതിനായിട്ടാണ് റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്.എസ്.സി.,എസ്.ടി.,ഒ.ബി.സി.,ഭിന്നശേഷി,ന്യൂനപക്ഷ വിഭാഗങ്ങൾക്കായാണ് ഇത്തരം സ്കൂളുകൾ. പെൺകുട്ടികൾക്കു വേണ്ടിയും ചില സംസ്ഥാനങ്ങൾ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങിയിട്ടുണ്ട്. ദുർബല വിഭാഗങ്ങളിലെ ആൺ, പെൺ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കാൻ കേന്ദ്രം സംസ്ഥാന സർക്കാരുകൾക്ക് ധനസഹായവും നൽകുന്നുണ്ട്.



മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്നു. അംഗീകൃത സ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റും സാമ്പത്തിക മാനദണ്ഡവും പാലിച്ചാണ് സ്കോളർഷിപ്പ്. M.Phil, Ph.D തലത്തിൽ ഉന്നത വിദ്യാഭ്യാസം നേടാൻ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ് നൽകുന്നു.

സിവിൽ സർവീസുകളിൽ ന്യൂനപക്ഷ വിഭാഗക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി കുറവാണ്. യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകൾ തുടങ്ങിയവ നടത്തുന്ന മത്സര പരീക്ഷകളുടെ ആദ്യഘട്ടം കടക്കുന്ന ന്യൂനപക്ഷക്കാർക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകുന്നു. ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി തസ്തികകളിലേക്കുള്ള പരീക്ഷയുടെ ആദ്യ ഘട്ടം വിജയിക്കുന്നവർക്കാണ് സഹായം ലഭിക്കുക.

എസ്.സി., എസ്.ടി., ഒ.ബി.സി., ഭിന്നശേഷി, ന്യൂനപക്ഷം, സ്ത്രീകൾ, കുട്ടികൾ എന്നിവരടങ്ങുന്ന ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റും ഉണ്ട്. അവരുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് പ്രാപ്തിയുള്ള വിശ്വസനീയമായ സംഘടനകളുടെ സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യം.

പൊതു/സാങ്കേതിക/തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ സേവന പ്രവർത്തനങ്ങൾക്കും വൈദ്യ പരിശോധനാ കേന്ദ്രങ്ങളും ചികിത്സിച്ച് മരുന്ന് നൽകുന്ന ഡിസ്പെൻസറികളും അടങ്ങുന്ന സേവന മേഖലയിലെ പ്രവർത്തനങ്ങൾക്കും ഗ്രാന്റ് നൽകുന്നു. കൂടാതെ,വിവിധയിനം വ്യവസായങ്ങൾക്ക് സാങ്കേതിക പരിശീലനം നൽകുന്ന വരുമാനദായക പ്രവർത്തനത്തിനും ഈ സഹായമുണ്ട്.

**സാമ്പത്തിക പുരോഗതിക്കായുള്ള ചുവടുവയ്പുകൾ**

ദുർബല വിഭാഗങ്ങൾക്ക് കൂടി സാമ്പത്തിക നേട്ടം കിട്ടുന്നതിന് വിവിധ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു. ദേശീയ പട്ടികജാതി സാമ്പത്തിക വികസന കോർപ്പറേഷൻ (NSFDC) വഴി സബ്സിഡിയോടു കൂടിയുള്ള വായ്പ



എസ്.സി. വിഭാഗത്തിന് നൽകുന്നു. ശുചീകരണ തൊഴിലാളികൾക്കും തോട്ടികൾക്കുമായി ദേശീയ സഫായ് കർമ്മചാരി സാമ്പത്തിക വികസന കോർപ്പറേഷനും (NSKFDC), പിന്നാക്ക വിഭാഗത്തിനു വേണ്ടി ദേശീയ പിന്നാക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷനും (NBCFDC) നിലവിലുണ്ട്. ദേശീയ പട്ടികവർഗ്ഗ സാമ്പത്തിക വികസന കോർപ്പറേഷൻ (NSTFDC) എല്ലാ എസ്.ടി. വിഭാഗങ്ങൾക്കും, ദേശീയ ന്യൂനപക്ഷ സാമ്പത്തിക വികസന കോർപ്പറേഷൻ (NMFDC) ന്യൂനപക്ഷത്തിനും, ദേശീയ ഭിന്നശേഷി സാമ്പത്തിക വികസന കോർപ്പറേഷൻ (NHFDC) ഭിന്നശേഷിക്കാർക്കും സബ്സിഡി അനുവദിക്കുന്നു. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനായി രാഷ്ട്രീയ മഹിളാ ഘോഷ് (RMK), സംസ്ഥാന വികസന കോർപ്പറേഷനുകൾ (SDC) തുടങ്ങിയവയും രാജ്യത്തുണ്ട്. സംരംഭക പ്രോത്സാഹനത്തിലൂടെ എസ്.സി., പിന്നാക്ക വിഭാഗങ്ങൾക്കും വളർന്നു വരാൻ ആവശ്യമായ മൂലധനം നൽകുന്നു. എസ്.സി., എസ്.ടി. വിഭാഗത്തിന് വായ്പയ്ക്ക് ജാമ്യമായി പ്രത്യേക ഫണ്ടും ഉണ്ട്. സ്റ്റാൻഡ് അപ്പ് ഇന്ത്യ, മുദ്ര പദ്ധതികളും ഈ വിഭാഗത്തിന്റെ സംരംഭക വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.

എസ്.സി., എസ്.ടി., ന്യൂനപക്ഷങ്ങളുടെ അടിസ്ഥാന സൗകര്യവും സാമ്പത്തിക വികസനവും മുൻനിർത്തി ചില പ്രത്യേക പരിപാടികളും നടപ്പാക്കുന്നു. എസ്.സി., എസ്.ടി ഉപപദ്ധതി, പട്ടികജാതിക്കാർക്കായി പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന തുടങ്ങിയവയും ഉണ്ട്. വിവിധോദ്ദേശ്യ വികസന പരിപാടികൾ എന്ന് മുമ്പ് അറിയപ്പെട്ടിരുന്ന പ്രധാനമന്ത്രി കല്യാൺ യോജനയും പ്രധാനമന്ത്രിയുടെ 15 ഇനപരിപാടിയും ന്യൂനപക്ഷത്തിന് വേണ്ടിയുള്ളതാണ്. ഭരണഘടനയുടെ അനുച്ഛേദം 275(1) പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകം ഗ്രാന്റുകളും ഉണ്ട്. എസ്.സി., എസ്.ടി., ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യവും സാമ്പത്തിക പുരോഗതിയും വർദ്ധിപ്പിക്കാൻ പ്രത്യേകം ഊന്നൽ നൽകുകയാണ് ചെയ്യുന്നത്.

നൈപുണ്യപരിശീലനവും വായ്പാ സൗകര്യവും NBCFDC വഴി ലഭ്യമാക്കുന്നു. ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED)യും സംസ്ഥാന ഗോത്രവർഗ്ഗ വികസന കോ-ഓപ്പറേറ്റീവ്



കോർപ്പറേഷനും ഗോത്രവർഗ്ഗക്കാരുടെ ജീവനോപാധികളുടെ വിപണനത്തിനും വളർച്ചയ്ക്കും മതിയായ പിന്തുണ നൽകുന്നു. തെരഞ്ഞെടുത്ത ചെറുകിട വനോത്പ്പന്നങ്ങൾ (MFP)സംഭരിക്കുന്നവർക്ക് താങ്ങുവില നൽകുക വഴി മെച്ചപ്പെട്ട പ്രതിഫലം ഉറപ്പാക്കുന്നു. അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക തലത്തിൽ ഉറപ്പുവരുത്തുന്നു.

തോട്ടിപ്പണിക്കാരുടെ പുനരധിവാസത്തിന് ഒറ്റത്തവണ ധനസഹായം നൽകുന്ന സ്വയം തൊഴിൽ പദ്ധതിയും നൈപുണ്യ വികസന പരിപാടിയും ഉണ്ട്. അങ്ങേയറ്റം ദുർബലരായ ഗോത്രവർഗ്ഗക്കാരുടെ (PVTGS) സംസ്കാരവും പൈതൃകവും നിലനിർത്തിയുള്ള സമഗ്ര വികസനത്തിന് സംസ്ഥാനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു.

തൊഴിൽ ചെയ്യാനുള്ള ശേഷി ഇല്ലാത്ത ഗ്രാമ, നഗര പ്രദേശങ്ങളിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിന് പ്രത്യേക സംരംഭങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവാക്കളിൽ ക്രിയാത്മകമായി ഇടപെട്ട് അവർക്ക് സ്ഥിരവും മെച്ചപ്പെട്ടതുമായ ജോലി നേടിക്കൊടുക്കാൻ നയിമൻസിൽ ലക്ഷ്യമിടുന്നു. ഈ വിഭാഗങ്ങളിലെ പരമ്പരാഗത കരകൗശല/ കൽപ്പണിക്കാർക്ക് ശേഷി വികസിപ്പിക്കുന്നതിന് നൽകുന്ന പരിശീലനവും നൈപുണ്യ വികസനവും(USTTAD) രാജ്യത്തിന്റെ ശിൽപ്പകലാ ചാതുര്യം നിലനിർത്താൻ ഉദ്ദേശിച്ചുള്ളതാണ്.

**സാമൂഹ്യ ശാക്തീകരണത്തിനുള്ള ഇടപെടൽ**

ദുർബല വിഭാഗങ്ങളുടെ സാമൂഹ്യസ്ഥിതി ഇതര വിഭാഗങ്ങൾക്കൊപ്പം ഉയർത്താൻ പ്രാഥമികമായി സമൂഹത്തിൽ നിലനിൽക്കുന്ന വേർതിരിവും ചൂഷണവും അതിക്രമങ്ങളും അവസാനിപ്പിക്കണം. ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിന് സാമൂഹ്യസുരക്ഷാ നിയമങ്ങളും സാമൂഹ്യ വ്യവസ്ഥിതികളും സഹായകമാണ്. SC, ST വിഭാഗങ്ങളുടെ കാര്യത്തിൽ 1995-ലെ സിവിൽ അവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമ പ്രതിരോധ നിയമവും കൃത്യമായി നടപ്പിലാക്കുന്നതിന് അധികാരികളെ ശക്തിപ്പെടുത്തുകയാണ് ഇതിൽ പ്രധാനം. സ്ത്രീകളുടെ പരിരക്ഷയ്ക്കായി നിരവധി നിയമങ്ങൾ ഉണ്ട്. ശൈശവ വിവാഹ



നിരോധന നിയമം - 2006, സ്ത്രീധന നിരോധന നിയമം-1961, ഇന്ത്യൻ വിവാഹമോചന നിയമം -1969 എന്നിവ അവയിൽ ചിലതാണ്. കൂടാതെ 1861-ലെ മാതൃസംരക്ഷണ നിയമം, 2013-ലെ തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമ(നിരോധന, പ്രതിരോധ, പരിഹാരം) നിയമം, 1986-ലെ സ്ത്രീകൾക്കെതിരെയുള്ള അവഹേളന (നിരോധന) നിയമം, 1990-ലെ ദേശീയ വനിതാകമ്മീഷൻ നിയമം എന്നിവയുമുണ്ട്. അതോടൊപ്പം വയോജന ക്ഷേമത്തിനും, തോട്ടിപ്പണി നിരോധിക്കുന്നതിനും, ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും വേണ്ടത്ര നിയമങ്ങളുമുണ്ട്.

സംയോജിത ശിശു വികസന പദ്ധതി സ്ത്രീകളിലെയും കുട്ടികളിലെയും പോഷകക്കുറവ് പരിഹരിക്കുന്നു. അവർക്ക് ഇത് സംബന്ധിച്ച് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നു. കൂടാതെ ആരോഗ്യ, പോഷകാഹാര സംബന്ധമായി ബോധവത്കരണവും നടത്തിവരുന്നു. രോഗപ്രതിരോധത്തിന് ആരോഗ്യ പരിശോധന നടത്തി ആവശ്യമെങ്കിൽ കൂടുതൽ വിദഗ്ദ്ധ ചികിത്സയ്ക്ക് വേണ്ടി നിർദ്ദേശിക്കുകയും ചെയ്യുന്നു. ദേശീയ പോഷകാഹാര ദൗത്യമായ പോഷൺ അഭിയാനിലൂടെ വളർച്ചാ മുരടിപ്പിന്റെ അളവ് കുറക്കാനും പോഷണക്കുറവ് മറികടക്കാനും കഠിനശ്രമം നടത്തുകയാണ്. കുട്ടികളിലെ വിളർച്ച, ജനിക്കുമ്പോഴുള്ള ഭാരക്കുറവ് എന്നിവ ശ്രദ്ധിക്കുകയും കൗമാരപ്രായക്കാരായ പെൺകുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുന്നു. ചെറിയ പ്രായത്തിൽ തന്നെ കുറ്റാരോപിതരാക്കപ്പെട്ട, കരുതൽ ഇല്ലാത്ത കുട്ടികളുടെ സമഗ്രമായ വികസനത്തിന് സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ സാഹചര്യം ഒരുക്കി ശിശു സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നു. ജോലി ചെയ്യുന്ന അമ്മമാരുടെയും അർഹരായ മറ്റു സ്ത്രീകളുടെയും കുട്ടികളെ (0-9 വയസ്സു വരെ പ്രായമുള്ള) പരിപാലിക്കുന്നതിന് ശിശുസംരക്ഷണ കേന്ദ്രങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതി പെൺകുട്ടികളോടുള്ള ലിംഗവിവേചനം പ്രതിരോധിച്ച് അവരുടെ നിലനിൽപ്പിന് വിദ്യാഭ്യാസവും തുല്യ പരിഗണനയും ഉറപ്പാക്കുന്നു. പ്രധാനമന്ത്രി മാതൃ വന്ദൻ യോജന (PMMVY)



വഴി പണം നൽകി ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും നേരിടുന്ന വേതന നഷ്ടം ഭാഗികമായി നികത്തുന്നു. സ്കൂൾ വിദ്യാഭ്യാസം നേടാനാകാത്ത കൗമാര പെൺകുട്ടികളുടെ പോഷക, ആരോഗ്യനില മെച്ചപ്പെടുത്തും. അവരുടെ കഴിവുകൾ വികസിപ്പിക്കാനും സ്കൂളിലേക്ക് മടക്കികൊണ്ടുവന്ന് തൊഴിൽ പരിശീലനം നൽകാനും പദ്ധതിയുണ്ട്. ന്യൂനപക്ഷക്കാരായ സ്ത്രീകളിൽ നൈപുണ്യ വികസനവും നേതൃപാടവവും വളർത്തുന്നതിനും പരിപാടിയുണ്ട്. അതുവഴി വീട്ടിലെയും സമൂഹത്തിലെയും അതിർവരമ്പുകൾക്കപ്പുറം പോയി മുൻനിരയിൽ നിന്ന് ആവശ്യങ്ങൾ നേടുന്നതിന് വേണ്ട ധൈര്യം അവർക്ക് ലഭിക്കുന്നു.

പലതരം ചൂഷണങ്ങൾക്ക് ഇരയായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യ പിന്തുണ ലക്ഷ്യമിട്ടുള്ളതാണ് സ്വാധാർ ഗൃഹ്. സ്വയം തൊഴിൽ/സംരംഭം തുടങ്ങാൻ പ്രാപ്തരാക്കുന്ന തൊഴിൽ പരിശീലന പരിപാടിയും (STEP) ഉണ്ട്. ലൈംഗിക ചൂഷണത്തിന് ഇരയാകുന്ന സ്ത്രീകളുടെ പുനരധിവാസം, മാനസികമായും ശാരീരികമായും തളർന്നു പോയവരെ സമൂഹത്തോട് ചേർത്തു നിർത്തൽ, സ്വന്തം നാട്ടിലേക്കു മടക്കിക്കൊണ്ടുവരിക എന്നിവയെല്ലാം 'ഉജ്ജ്വല' എന്ന പരിപാടിയുടെ ഭാഗമാണ്. സ്വന്തം വീട്ടിൽ നിന്നും അകലെ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് വർക്കിങ് വിമെൻസ് ഹോസ്റ്റൽ സൗകര്യമുണ്ട്. മഹിളാ ശക്തികേന്ദ്രങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണ നടപടികൾ ചെയ്തുവരുന്നു. കോളേജ് വിദ്യാർത്ഥികളുടെ നിർലോഭമായ സഹകരണത്തോടെയാണ് സാമൂഹിക ഇടപെടൽ നടത്തുന്നത്.

വൃന്ദാവൻ, മഥുര, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കൃഷ്ണ കുടീരം എന്ന പേരിൽ വിധവകൾക്ക് വാസസ്ഥലം ഒരുക്കിയിട്ടുണ്ട്. ഇവിടെ സുരക്ഷിത താമസവും, പോഷകാഹാരവും, ആരോഗ്യപരിപാലനവും, നിയമ സഹായവും, ശരിയായ ഉപദേശവും നൽകുന്നു. പ്രായമായവർക്കായി പ്രത്യേകം നടപ്പാതകളും, ലിഫ്റ്റും, തിരുമ്മൽ ചികിത്സാ സൗകര്യവും ലഭ്യമാണ്. കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവർക്ക് ദേശീയ അവാർഡും നൽകുന്നു.



ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സഹായക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. കൂടുതൽ ഈടുനിൽക്കുന്നതും ശാസ്ത്രീയമായി നിർമ്മിച്ചതും നൂതനവും മികച്ചതുമായ സഹായക ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ധനസഹായം നൽകുക. ദീൻദയാൽ ഭിന്നശേഷി പുനരധിവാസ പദ്ധതി (DDRS) വിദ്യാഭ്യാസവും പരിശീലനവും അനുബന്ധ പ്രവർത്തനങ്ങളും വഴി ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുന്നു. 2016-ലെ ഭിന്നശേഷിക്കാരുടെ പദ്ധതി നിർവ്വഹണ നിയമം (SIPDA) സുലഭ ഭാരതം പ്രചാരണ പരിപാടിയിലൂടെ പദ്ധതി നിർവ്വഹണത്തിന് പിന്തുണ നൽകുന്നു.

രാഷ്ട്രീയ വയോശ്രീ യോജനയിലൂടെ ബി.പി.എൽ. വിഭാഗത്തിലെ വാർദ്ധക്യസഹജമായ ശാരീരിക അവശതകൾ നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നു. ബുദ്ധിമുട്ട് നേരിടുന്ന പ്രായമായവർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിന് ദേശീയ സാമൂഹ്യ സഹായ പദ്ധതി നിലവിലുണ്ട്. ചലിക്കുന്ന വൈദ്യ സഹായ യൂണിറ്റുകൾ, വൃദ്ധസദനങ്ങൾ, ദൈനംദിന പരിചരണ കേന്ദ്രങ്ങൾ തുടങ്ങിയവ നടത്തുന്ന സന്നദ്ധസംഘടനകൾക്ക് പ്രത്യേകം ഗ്രാന്റ് നൽകുന്നു. മദ്യാസക്തിയും മയക്കുമരുന്ന് ദുരുപയോഗവും തടയുന്നതിനും കർമ്മ പദ്ധതിയുണ്ട്. യാചകരുടെ പുനരധിവാസം, മയക്കുമരുന്നിന് അടിമകളായവർക്ക് വൈദ്യ ചികിത്സ, കൗൺസിലിംഗ് എന്നീ സേവനങ്ങൾ ലഭ്യമാക്കും. കൂടാതെ നൈപുണ്യ പരിശീലനവും നൽകും.

ഗോത്ര കലാമേളകൾ സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് നൽകാറുണ്ട്. ഗോത്രവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങളുടെ പ്രകാശനം, സെമിനാറുകൾ/ശില്പശാലകൾ, ഗവേഷണ/മൂല്യനിർണ്ണയ പ്രോജക്ടുകൾ എന്നിവയ്ക്കും ഗ്രാന്റ് ഉപയോഗിക്കാം. രാജ്യത്തെ ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ നയം രൂപീകരിക്കുന്നതിനു വേണ്ട പഠനം നടത്താനായി മികവിന്റെ കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.



**സമത്വ സമൂഹത്തിനായുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾ**

സമൂഹത്തിൽ എല്ലാവരെയും ഉൾക്കൊണ്ട് അവകാശ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് വ്യവസ്ഥാപിത മാർഗ്ഗങ്ങൾ നിലവിലുണ്ട്. ദേശീയ പട്ടികജാതി, പട്ടികവർഗ്ഗ കമ്മീഷനുകൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള ദേശീയ കമ്മീഷൻ എന്നിവ ഭരണഘടനാ സ്ഥാപനങ്ങളാണ്. ശുചീകരണ തൊഴിലാളികൾക്കുള്ള ദേശീയ കമ്മീഷൻ, നാടോടികളായ ഗോത്രവർഗ്ഗക്കാരുടെ ദേശീയ കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ ബാലാവകാശ കമ്മീഷൻ, ഭിന്നശേഷിക്കാർക്കുള്ള കമ്മീഷൻ, ദേശീയ മനുഷ്യാവകാശകമ്മീഷൻ എന്നിവയെല്ലാം നിയമപ്രകാരം സ്ഥാപിക്കപ്പെട്ടവയാണ്. ഈ വിഭാഗങ്ങളുടെയെല്ലാം അവകാശം സംരക്ഷിച്ച് ക്ഷേമം ഉറപ്പാക്കുകയാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ചെയ്യുന്നത്.

നയരൂപീകരണത്തിൽ ഭാഗമാകുന്ന ചില പ്രധാന ഏജൻസികളുമുണ്ട്. ബാബാ സാഹിബ് ഡോ.ബി.ആർ. അംബേദ്കർ ഫൗണ്ടേഷൻ, ഡോ.അംബേദ്കർ നാഷണൽ മെമ്മോറിയൽ, ഡോ. ബി.ആർ അംബേദ്കർ ഇന്റർനാഷണൽ സെന്റർ എന്നിവ ഉദാഹരണങ്ങളാണ്. കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് പ്രായമായവരുടെയും, അഗതികൾ, മയക്കു മരുന്നിന് അടിമപ്പെട്ടവർ, ട്രാൻസ്ജൻഡറുകൾ, സമൂഹത്തോട് പൊരുതി നിൽക്കേണ്ടിവരുന്ന മറ്റു വിഭാഗങ്ങൾ എന്നിവരുടെയെല്ലാം അഭിവൃദ്ധിക്കായി നിലകൊള്ളുന്നു.

ബ്രെയ്‌ലി പ്രസ്സുകൾ സ്ഥാപിക്കുക/നവീകരിക്കുക/ശേഷി വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾക്കായി സംഘടനകൾ നിലവിലുണ്ട്. ഓട്ടിസം ബാധിച്ചവർ, തലച്ചോറിനെ ബാധിക്കുന്ന സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മറ്റു പലതരം വൈകല്യങ്ങൾ സംഭവിച്ചവർ എന്നിവരുടെ ക്ഷേമത്തിനായുള്ള ദേശീയ ട്രസ്റ്റ് നിലവിലുണ്ട്. ഈ സ്ഥാപനം ദുരിതമനുഭവിക്കുന്നവരുടെ പരിപാലനത്തിനായി നിരവധി പരിപാടികൾ നടപ്പിലാക്കുന്നു. നട്ടെല്ലിന് ക്ഷതമേറ്റവരുടെ ചികിത്സയും പുനരധിവാസവും നിർവ്വഹിക്കുന്നത് സ്റ്റേറ്റ് സ്പൈനൽ ഇഞ്ചുറി സെന്ററും ഇന്ത്യൻ സ്പൈനൽ ഇഞ്ചുറി സെന്ററും ആണ്. ബധിരർക്കായുള്ള കോളേജ് കേൾവി ശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് തുല്യ അവസരം നൽകി ഉന്നത വിദ്യാഭ്യാസം നേടാൻ അവരെ സഹായിക്കുന്നു. ശാസ്ത്രീയമായ പുനരധിവാസത്തിനും ഭിന്നശേഷി



പഠനത്തിനുമായി ദേശീയ യൂണിവേഴ്സിറ്റി സ്ഥാപിക്കും. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് ഏകീകൃത രീതിയിൽ പ്രൊഫഷണലുകൾക്ക് പരിശീലനം നൽകുന്നതിനുള്ള പരമോന്നത സമിതിയാണ് പുനരധിവാസ കൗൺസിൽ.

ഇന്ത്യൻ സൈൻ ലാംഗ്വേജ് ഗവേഷണ പരിശീലന കേന്ദ്രം ഭിന്നശേഷിയുള്ളവരിൽ തൊഴിൽപരമായ കഴിവ് വളർത്തി പുനരധിവാസം സാധ്യമാക്കുന്നു. ഭിന്നശേഷി കായിക വിനോദ കേന്ദ്രം ഈ വിഭാഗത്തിലുള്ളവർക്ക് കായികശേഷി പ്രധാനമായ കാര്യങ്ങളിൽ വികസനം സാധ്യമാക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻക്ലൂസീവ് ആൻഡ് യൂണിവേഴ്സൽ ഡിസൈൻ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തടസ്സങ്ങളില്ലാത്ത ലോകം തുറക്കുന്നു. ദേശീയ മാനസികാരോഗ്യ പുനരധിവാസ ഇൻസ്റ്റിറ്റ്യൂട്ടും മറ്റു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളും പരിശീലന പരിപാടികളിലൂടെ തൊഴിൽ വൈദഗ്ദ്ധ്യം സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചുള്ളവയാണ്. ആർട്ടിഫിഷ്യൽ ലിംഫ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ(ALIMCO)ഭിന്നശേഷിക്കാർക്കും പ്രായമായവർക്കും കൃത്രിമ കൈകാലുകളും മറ്റ് സഹായ സാമഗ്രികളും നിർമ്മിച്ച് വിതരണം ചെയ്യുന്നു.

ഇന്ത്യയിലും സൗദി അറേബ്യയിലും ന്യൂനപക്ഷങ്ങൾക്കായി ഹജ്ജ് നിർവ്വഹണത്തിന് പ്രത്യേക പരിപാടി നടപ്പിലാക്കുന്നു. ഖാമി വഖഫ് ബോർഡ് തറാഖിയാത്തി സ്കീമും (QWBTS) ഷഹാരി വഖഫ് സമ്പത്തി വികാസ് യോജന (SWSVK) യും വഴി രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നു. കേന്ദ്ര വഖഫ് കൗൺസിലിനാണ് (CWC) പദ്ധതികളുടെ നിർവ്വഹണ ചുമതല.

മൗലാന ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷൻ (MAEF) വിദ്യാഭ്യാസപരമായി പിന്നാക്കാവസ്ഥയിലുള്ള ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസം പ്രാപ്യമാക്കുന്നു. ഇത് ലാഭേച്ഛ കൂടാതെ സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയേതര സംഘടനയാണ്. ഭാഷാ ന്യൂനപക്ഷങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ പ്രത്യേക ചുമതലയുള്ള ഉദ്യോഗസ്ഥനെയും നിയമിച്ചിട്ടുണ്ട്.

ഭക്ഷ്യ പോഷകാഹാര ബോർഡ് (FNB) വിപുലമായ പോഷക വിദ്യാഭ്യാസത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. വിദ്യാഭ്യാസ വ്യാപനത്തിനുള്ള സേവനങ്ങളും പരിശീലന പരിപാടികളും നടത്തുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്



പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡവലപ്മെന്റ് (NIPCCD) ആണ് പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, കോൺഫറൻസ് തുടങ്ങിയവ ക്രമീകരിക്കുന്നത്. കേന്ദ്ര ദത്തെടുക്കൽ ഏജൻസി ഇന്ത്യയിലെ കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നിയമപരമായ സ്ഥാപനമാണ്. ഇത് രാജ്യത്തിനകത്തും രാജ്യാന്തര തലത്തിലും നടക്കുന്ന ദത്തെടുക്കലുകൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഇതിന് കീഴിലുള്ള അംഗീകൃത ഏജൻസികൾ വഴി ഉപേക്ഷിക്കപ്പെട്ടതും അനാഥരുമായ കുട്ടികളെ ദത്തെടുക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നു. കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ് (CSWB) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനും വേണ്ടി നിരവധി പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

**യോജന,**
**മാർച്ച് 2019.**

FOCUS



## വിപണിയിലുണ്ടായ നവീകരണവും കെണികളിലുണ്ടായ വൈപുല്യവും

**ഡോ. എം. ശാർങ്ഗധരൻ**

സാധനങ്ങളുടെയും സേവനങ്ങളുടെയും ക്രയവിക്രയമാണ് കൊമേഴ്സ് അഥവാ വാണിജ്യം വിവക്ഷിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ ഉല്പത്തികാലം മുതൽ സാധനങ്ങളും സേവനങ്ങളും കൈമാറുന്ന പതിവ് ആരംഭം കുറിച്ചതാണ്. ഒന്നുകൂടി വ്യക്തമാക്കിയാൽ ഏദൻ തോട്ടത്തിൽ ഹൗവ്വയുടെ ആശ മനസ്സിലാക്കി ആദം തനിക്ക് കിട്ടിയ പഴം പങ്കു വച്ചപ്പോൾ മുതൽ കൂട്ടായ്മയുടെയും, സൗഹാർദ്ദത്തിന്റെയും ദൈവികചിന്തയുള്ള സത്യത്തിന്റെയും സമന്വയമായ വാണിജ്യ ശാസ്ത്രത്തിന്റെ പ്രാകൃതരൂപം ഉടലെടുത്തു. ഇതുപോലെ രസകരമായ മറ്റൊരു യാഥാർത്ഥ്യം കൂടി വാണിജ്യസംബന്ധിയായി ബൈബിൾ വായനയിലൂടെ മനസ്സിലാക്കാനാകും.

ബൈബിളിൽ പരാമർശിക്കപ്പെടുന്ന 'കമ്മ്യൂണി'ൽ നിന്നാണ് കൊമേഴ്സ് എന്ന പദം രൂപപ്പെട്ടത്. സമൂഹമായി ജീവിക്കുകയും അതിനോടൊപ്പം ആശയവും, വൈകാരികഭാവവും, കൈവശമുള്ള വസ്തുവകകളും, സാധനങ്ങളും പങ്കുവച്ചെടുക്കുക എന്നതാണ് കമ്മ്യൂൺ എന്ന പദപ്രയോഗത്തിന്റെ സാരാംശം. ഇതിൽ 'പങ്കുവെയ്ക്കൽ' എന്ന കൈമാറ്റ രീതിയ്ക്ക് ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ നൂതനതത്ത്വങ്ങളും സങ്കേതങ്ങളും കാതലായ മാറ്റങ്ങൾ ദിനം പ്രതിയെന്നോണം വരുത്തിക്കൊണ്ടിരിക്കുന്നു. ഒപ്പം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, നിയമ, രാഷ്ട്രീയ, പാരിസ്ഥിതിക മേഖലകളിലെ മാറ്റവും നവീകരണവും കൈമാറ്റ പ്രക്രിയയ്ക്ക് നൂതന തലങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കൊമേഴ്സിന്റെ ഗതാനുഗതമായ വളർച്ചയും വികാസവും സസൂക്ഷ്മം വീക്ഷിച്ചാൽ 16-ാം നൂറ്റാണ്ടിൽ ആധുനിക ധനശാസ്ത്രശാഖയുടെ പിതാവായ ആദംസ്മിത്ത് തൊഴിൽ ഉപവിഭജനം എന്ന തത്ത്വം ആവിഷ്കരിച്ച് നടപ്പിലാക്കിയതോടെയാണ്. ഇതിന്റെ ഫലമായി ഓരോരുത്തരും അവരവരുടെ അഭിരുചിക്കും താല്പര്യത്തിനും അനുസരിച്ചുള്ള തൊഴിലിൽ ഏർപ്പെടാൻ തുടങ്ങി. സ്വാഭാവികമായി അയാൾക്ക് മറ്റ് ആവശ്യങ്ങൾക്കായി അതത് തൊഴിലിൽ



ഏർപ്പെട്ടവരേയും മറിച്ച് അവർക്ക് ഇതേ കാര്യത്തിനായി അയാളെയും ബന്ധപ്പെടേണ്ട സാഹചര്യം ഉയർന്നുവന്നു. സാധനങ്ങളും സേവനങ്ങളും നൽകി പരസ്പരം സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യുന്ന ബാർട്ടർ സമ്പ്രദായം ഈ ഘട്ടത്തിലാണ് ശക്തമായത്.ഗുണമേന്മയുള്ള സാധനങ്ങൾ തിരിച്ചറിയാനും, ഇടപാടുകളിൽ ചിലർക്ക് നേട്ടവും മറ്റ് ചിലർക്ക് നഷ്ടവും ഉണ്ടാകുന്നുവെന്ന് തിരിച്ചറിയാനും തുടങ്ങിയതോടെ മൂല്യനിർണ്ണയം നടത്തി നാണയം നൽകി കൈമാറ്റ പ്രക്രിയയിൽ മാറ്റം വരുത്തി. ഇതോടെ ബാർട്ടർ സമ്പ്രദായത്തിനു ബദലായി വ്യാപാര സമ്പ്രദായം രൂപം കൊണ്ടു.

യന്ത്രസാമഗ്രികളുടെ ഉപയോഗത്തിലൂടെ ഉല്പാദനം വൻതോതിൽ വർദ്ധിക്കുന്നതിന് ഹേതുവായ വ്യവസായ വിപ്ലവവും, തുടർന്ന് ഉല്പാദന ചെലവ് കുറയ്ക്കാൻ സഹായകമായ സയന്റിഫിക് മാനേജ്മെന്റ് തന്ത്രങ്ങളുടെ പ്രയോഗവും ‘വ്യാപാരം’ എന്നു പൊതുവെ വിവക്ഷിക്കുന്ന ട്രേഡിന്റെ ആവിർഭാവത്തിനു പ്രേരകമായി. തുടർന്ന്, 20-ാം നൂറ്റാണ്ടിലെ വ്യാപാര ഇടപാടുകളിലെ വ്യാപകമായ നവീകരണം, അന്താരാഷ്ട്ര തലത്തിൽ സാധനങ്ങളും സേവനങ്ങളും കൈമാറുന്നതിന് തടസ്സമായി ദൂരം, കറൻസി വ്യത്യാസം, ആശയവിനിമയ വൈഷമ്യം എന്നിവ പരിഹരിക്കപ്പെട്ടു. മാത്രമല്ല, ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സേവനം, ഇൻഷുറൻസ് പരിരക്ഷ, ഏജൻസി സേവനം തുടങ്ങിയ ഘടകങ്ങൾ വ്യാപാര ഇടപാടുകൾ വ്യാപകമായ തോതിൽ വർധിക്കുന്നതിന് പിന്തുണ നൽകി. ഇതോടെ ട്രേഡ് എന്ന സമ്പ്രദായം കൊമേഴ്സ് അഥവാ വാണിജ്യം എന്ന ഏർപ്പാടായി മാറി.

സാമ്പത്തിക-സാമൂഹിക വ്യവസ്ഥിതികളിൽ വന്ന പുരോഗമന മനോഭാവവും ഇവിടെ സാധനങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റ പ്രക്രിയയെ ഗണ്യമായി സ്വാധീനിച്ചു. ജനതയുടെ ആവശ്യകതകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു; ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ കണ്ടുപിടുത്തങ്ങൾ നൂതന ഉൽപ്പന്നങ്ങളും, സേവനങ്ങളും ആവിർഭവിക്കുന്നതിന് വഴി തെളിച്ചു; സ്വാർത്ഥതാൽപ്പര്യങ്ങൾ ആർഭാട ജീവിതം നയിക്കുന്നതിനു പ്രേരിപ്പിച്ചു; ആഹാരം,



വസ്ത്രം, പാർപ്പിടം എന്നിവയാണ് മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ എന്ന ധാരണ മാറിമറിഞ്ഞു; ഈ മൂന്നു ഘടകങ്ങളോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, തൊഴിൽ/വരുമാന മാർഗ്ഗം, സാമൂഹിക സുരക്ഷ എന്നിവയും അടിസ്ഥാന ആവശ്യങ്ങളായി മാറി. ചുരുക്കത്തിൽ, സാമൂഹികാവശ്യങ്ങൾ ആകമാനം വാണിജ്യവൽക്കരണം വ്യാപകമായതോടെ വിപണി സമ്പദ്മേഖലയിൽ മേൽക്കോയ്മ നേടി. വിപണിയെ ആശ്രയിക്കാതെ ആർക്കും നിലനിൽപ്പില്ല എന്ന നിലവന്നു.

ഇതോടെ, വാണിജ്യവൽക്കരണത്തിൽ അധിഷ്ഠിതമായ വിപണിയിലും, കൗതുകകരമായ കാഴ്ചകൾ കാണാനായി. ഇവിടെ നടന്നുവന്ന വില്പന എന്ന പ്രക്രിയയിൽ വില്പനക്കാരൻ അധീശത്വം നേടി. ആവശ്യക്കാർ അയാൾ പറയുന്ന വില നൽകി സാധനങ്ങളും സേവനങ്ങളും വാങ്ങിക്കൊള്ളുമെന്നതായിരുന്നു വിപണിയിൽ അതോടെ നിലവിൽ വന്ന വ്യവസ്ഥ. ഉപഭോക്താവിന് ഈ വ്യവസ്ഥയിൽ സംരക്ഷണം ആവശ്യമുണ്ട് എന്നു തിരിച്ചറിഞ്ഞ സർക്കാർ മെഷീണറി പല വിധത്തിലുള്ള നിയമ സംരക്ഷണവും ഉറപ്പ് വരുത്താനുള്ള ശ്രമങ്ങൾ നടത്തി. ഉപഭോക്തൃ സംരക്ഷണ നിയമം, ഭക്ഷ്യസുരക്ഷാ നിയമം, അളവ്-തൂക്ക നിയമം എന്നിങ്ങനെയുള്ള നിയമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഈ ഘട്ടത്തിലാണ്. എന്നാൽ, മായം ചേർത്ത ഉല്ന്നങ്ങളും ഭക്ഷ്യവിഭവങ്ങളും വിൽക്കുക; അമിത വില ഈടാക്കുക; തെറ്റിദ്ധാരണാജനകമായ പരസ്യങ്ങളിലൂടെ പൊതു സമൂഹത്തെ കബളിപ്പിക്കുക; വാർഷിക അറ്റകുറ്റപ്പണിയും, വാറണ്ടിയും വാഗ്ദാനം ചെയ്ത് ചതിക്കുക; അപകടകരമായ ഉപകരണങ്ങളും, സാധനങ്ങളും വിൽക്കുക; ഗുണമേന്മ ഇല്ലാത്ത ഉല്പന്നങ്ങൾ വാങ്ങാൻ പ്രേരിപ്പിക്കുക; പൊള്ളയായ അവകാശവാദങ്ങൾ ഉയർത്തുക; കരുതിക്കൂട്ടി തെറ്റായ ബിൽ തയ്യാറാക്കി അമിത പണം ഈടാക്കുക തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത കെണികൾ ദിനംപ്രതി പലതരത്തിൽ വിപണിയിൽ നടമാടി പ്രത്യക്ഷപ്പെട്ടു.

നിയമങ്ങൾ നടപ്പിലാക്കുന്നതിൽ വരുന്ന വീഴ്ചകളാണ് വിപണിയിലെ കെണികൾക്ക് അറുതി വരുത്തുന്നതിന് മുഖ്യ വിഘാതമുണ്ടാക്കുന്നത്. ഉപഭോക്തൃ സംരക്ഷണത്തിനും പൊതുജന താൽപര്യത്തിനും വികസിതരാജ്യങ്ങൾ



അനുവർത്തിക്കുന്ന നിയമ നടപടികൾ നമ്മൾ ഉൾക്കൊള്ളേണ്ടതുണ്ട്. കർശനമായ നിയമങ്ങൾ, അവ പഴുതുകൂടാതെ നടപ്പിലാക്കുന്നതിനുള്ള ഔദ്യോഗിക സംവിധാനം, ഉറച്ച പൗരബോധം എന്നിവ ഇതുമായി ബന്ധപ്പെട്ട് എടുത്തു പറയേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ശക്തമായ നിയമങ്ങൾ ആവിഷ്കരിക്കുകയും, പാസ്സാക്കുകയും പതിവാണ്. എന്നാൽ, കുറ്റമറ്റ രീതിയിൽ അതു നടപ്പിലാക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത ഫലത്തിൽ വിപരീത അനുഭവമാണ് ഗുണഭോക്താവിന് പ്രദാനം ചെയ്യാറുള്ളത്. ഒപ്പം, ഉത്തമമായ പൗരബോധത്തിന്റെ അഭാവം പ്രകടമായി കാണാനുമാകും. ഉപഭോക്താവിന്റെ അജ്ഞത, അനവധാനത, അലംഭാവം, നിസ്സംഗമനോഭാവം എന്നിവയൊക്കെയാണ് അയാളുടെ അവകാശ സംരക്ഷണത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നത്.

ഈ കുരുക്കുകൾക്കിടയിൽ വിപണിയിൽ സാരവത്തായ മാറ്റങ്ങളും വന്നു കഴിഞ്ഞു. വില്പന എന്ന പ്രക്രിയയ്ക്ക് ബദലായി വിപണനം ആണ് ഇന്ന്. നിലവിൽ വില്പനയിൽ വില്പനക്കാരനാണ് അധീശത്വമോ വിപണനത്തിൽ (മാർക്കറ്റിംഗിൽ) ഉപഭോക്താവ് സൈദ്ധാന്തികമായി രാജാവ് അതായത്, ഉപഭോക്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി ഉല്പാദന കേന്ദ്രങ്ങൾ നൂതന ഉല്പ്പന്നം ആവിഷ്കരിച്ച് വിപണിയിലിറക്കുന്നു; വിപണി ഉല്പന്നങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് ഉപഭോക്താവിനു സ്വീകാര്യമായ വില നിശ്ചയിക്കുന്നു; അയാൾക്ക് സൗകര്യപ്രദമായി ഉല്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി മൊത്തക്കച്ചവടക്കാർ, ചില്ലറ കച്ചവടക്കാർ, ഏജൻസി തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നു. ഉപഭോക്തൃ ഉല്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള വിവരം നൽകാനായി അയാൾക്ക് ഹിതകരമായ മാധ്യമങ്ങളിൽ പരസ്യം നൽകുന്നു; ഉപഭോക്താവിനെ ആകർഷിക്കാനായി കൂപ്പൺ, കിഴിവ്, സമ്മാനം തുടങ്ങിയ പ്രോത്സാഹന മാർഗ്ഗങ്ങൾ അവലംബിക്കുന്നു; അറ്റകുറ്റങ്ങൾ പരിഹരിക്കുക, വാറണ്ടി നൽകുക തുടങ്ങിയ വില്പനാനന്തര സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം ഇന്ത്യയിൽ ആകമാനം ഒരേ നിരക്കിൽ പരോക്ഷ നികുതി ചുമത്താനായി ചരക്കു സേവനനികുതി നിയമം, വിപണിയുടെ ഘടനയിൽ വന്ന മാറ്റത്തോടൊപ്പം സർക്കാരും നടപ്പിലാക്കി.



മാത്രമല്ല, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്താവിന്റെ വിരൽത്തുമ്പിൽ ലോകത്താകമാനം ഉള്ള സാധനങ്ങളേയും സേവനങ്ങളേയും കുറിച്ച് വിവരങ്ങൾ ലഭ്യമാകുന്ന 'ഇ-കൊമേഴ്സും' വ്യാപകമായ പ്രചാരം നേടി. ഓൺലൈൻ ക്രയവിക്രയം ഇതിലൂടെ സാധ്യമാകുകയും നമുക്കാവശ്യമുള്ള സാധനങ്ങളും സേവനങ്ങളും വീട്ടുപടിക്കൽ എത്തുന്ന ക്രമീകരണം വരെ ഉണ്ടാകുകയും ചെയ്തു.

ഈ ഘട്ടത്തിൽ ചില കാതലായ ചോദ്യങ്ങൾ ഉയർന്നു വരുന്നു. നിയമസംരക്ഷണത്തിലൂടെ ഉപഭോക്താവ് വിപണിയിലെ കെണികളിൽ നിന്നും മോചിതനായോ, വിപണിയിൽ അയാൾ രാജാവായി മാറിയോ; കൊമേഴ്സിലും, ഇ-കൊമേഴ്സിലും വന്ന നവീകരണത്തിലൂടെ ഉപഭോക്താവിന് വിപണിയിൽ സ്വാധീനം കൈവരിക്കാനായോ എന്നിവയാണ് ഇതിൽ പ്രാമുഖ്യം നേടുന്ന ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾ ന്യായയുക്തം എന്നതിൽ സംശയമില്ല. കാരണം, പ്രാരംഭഘട്ടം മുതൽ പരസ്പര സൗഹാർദ്ദത്തിലും, പരസ്പര വിശ്വാസത്തിലും, സത്യത്തിലും അധിഷ്ഠിതമായ കൊമേഴ്സിന്റെയും ഇ-കൊമേഴ്സിന്റെയും സേവനത്തിൽ ചതിയുടെയോ വഞ്ചനയുടെയോ നേരിയ ലാഞ്ചന പോലും ഉണ്ടാകാൻ പാടില്ല, വിശിഷ്യ ഒരു പരിഷ്കൃത സമൂഹത്തിലെ വിപണിയിൽ.

അതേ സമയം, വിപണിയിലെ സ്ഥിതിവിശേഷം എന്തെന്നും മേൽപ്പറഞ്ഞ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്തെന്നും ഇനി വിവരിക്കുന്ന സംഭവങ്ങളിൽ നിന്നും ലഭിക്കും.

കേരളത്തിൽ ഉല്പാദിപ്പിച്ചിരുന്ന ഒരു സൗന്ദര്യവർദ്ധക സോപ്പിന്റെ പരസ്യ വാചകം ഇതായിരുന്നു; 'ഇനി സൗന്ദര്യം നിങ്ങളെ തേടി വരും'. പരസ്യത്തിൽ പ്രത്യക്ഷപ്പെട്ടതോ, ഒരു മെഗാ സിനിമാതാരവും ആയിരുന്നു. സോപ്പിന്റെ വില്പന കൊഴുക്കുന്നതിന് ഇതിലധികം എന്തു വേണം. 'കായംകുളം കൊച്ചുണ്ണി' എന്ന പേരിൽ അനശ്വര നടൻ സത്യൻ അഭിനയിച്ച ഒരു ചലച്ചിത്രം വർഷങ്ങൾക്കു മുമ്പ് റിലീസ് ചെയ്യപ്പെട്ടിരുന്നു. ഇതിൽ ഗാനഗന്ധർവ്വൻ യേശുദാസ് പാടി അഭിനയിക്കുന്ന ഒരു ഗാനത്തിന്റെ വരികൾ ഓർക്കുന്നുണ്ടാവുമല്ലോ 'വടകരയിൽ ഞാൻ വഴി നടക്കുമ്പോൾ അടിപിടി നടക്കുന്നു മുതുകിഴവിയും ചെറുയുവതിയും



കരിമഷിയിതു വാങ്ങാൻ'. ഈ വരികളെ ഓർമ്മിപ്പിക്കുംവിധം ചെറുപ്പക്കാരനും വയസ്സായവരും സൗന്ദര്യവർദ്ധനവിനായി ഈ സോപ്പ് വാങ്ങിക്കുന്നതിന് അടിപിടി നടത്തി. ഇതിനിടയിൽ സോപ്പ് വാങ്ങി ഉപയോഗിച്ച് വയനാട്ടിലുള്ള 77 വയസ്സുകാരനായ ഒരാൾക്ക് പരാതി. ആറുമാസമായി പതിവ് തെറ്റാതെ സോപ്പ് ഉപയോഗിച്ചിട്ടും സൗന്ദര്യം വർധിക്കുന്നില്ല എന്നതോ പോകട്ടെ, അതിന് കോട്ടം തട്ടുന്നുണ്ട് എന്നതായിരുന്നു അയാളുടെ പരിഭവം. ഇതു വായിക്കുമ്പോൾ നിങ്ങളുടെ മുഖത്തെ പുഞ്ചിരിയിൽ അടങ്ങിയിരിക്കുന്ന പരിഹാരം എനിക്ക് കാണാനാവുന്നു. എന്നാൽ, നിങ്ങളോട് ഒരു ചോദ്യം അയാൾക്ക് നിയമപരമായി പരാതി പരിഹാരം സാധ്യമാണോ? ഉത്തരം ഇതാണ്: പരാതി പരിഹരിക്കപ്പെട്ടുവെന്നിടത്തു നിന്നില്ല കാര്യങ്ങൾ. സ്ഥാപനത്തിന് സോപ്പിന്റെ ഉല്പാദനം എന്നന്നേക്കുമായി നിർത്തേണ്ടിവന്നു.

മറ്റൊരു ഉപഭോക്താവിനെ ശ്രദ്ധിക്കൂ. ഉപഭോക്താവ് ചില്ലറക്കാരിയല്ല. സ്ക്വാഷ് എന്ന കളിയിൽ ലോക ഒന്നാം നമ്പർ ആയി മാറിയ പത്മശ്രീ ദീപിക പള്ളിക്കലാണ് ഇവിടെ പ്രതിപാദിക്കപ്പെട്ട ഉപഭോക്താവ്. ഒരു പ്രമുഖ ബാങ്കിന്റെ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് നെതർലാന്റിലെ റോട്ടർഡാമിൽ ഒരു മത്സരത്തിനെത്തിയ അവർ ഹോട്ടൽ താമസത്തിനായി അഡ്വാൻസ് അടയ്ക്കാൻ ശ്രമിച്ചു. എന്നാൽ, അവർക്കാവശ്യമുള്ളതിന്റെ പത്തിരട്ടി തുക അക്കൗണ്ടിൽ അവരുടെ പേരിൽ ഉണ്ടായിട്ടും പണം അടയ്ക്കാനായില്ല. റൊക്കം പണം കൈയിൽ ഇല്ലാതെ വന്ന ദീപിക വല്ലാത്ത മാനസിക പിരിമുറുക്കത്തിലായി. ഈ മാനസിക പിരിമുറുക്കത്തിനിടയിൽ അവർ മത്സരത്തിൽ പ്രാഥമിക റൗണ്ടിൽ തന്നെ പുറത്തായി. തിരിച്ച് ഇന്ത്യയിൽ എത്തിയപ്പോൾ ബാങ്കിൽ പരാതി നൽകി. 'ലിങ്ക് എറർ' എന്ന ഒഴുക്കൻ മറുപടിയാണ് ബാങ്കിൽ നിന്നു ലഭിച്ചത്. തീർന്നില്ല, 'നിങ്ങളെപ്പോലെ ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഒരു കായികതാരം ഈ നിസ്സാരപ്രശ്നത്തിൽ മാനസിക പിരിമുറുക്കത്തിൽ ആയത് നിങ്ങളുടെ ദൗർബല്യത്തെയാണ് സൂചിപ്പിക്കുന്നത്' എന്ന ഒരു പരിഹാസശരവും ബാങ്കിൽ നിന്നു ലഭിച്ചു. തുടർന്ന്, കേന്ദ്ര സർക്കാർ കായിക വകുപ്പിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് കളക്ഷനായി ദീപിക ഇതേ ബാങ്കിന് കൈമാറി. ഈ തുക ബാങ്ക് അവരുടെ അക്കൗണ്ടിൽ വരവ് വച്ചില്ല.



ഇത്തവണ അവർ രണ്ടു ദുരനുഭവങ്ങളും വിവരിച്ച് ചെന്നൈയിലെ നിയമ ഫോറത്തിൽ പരാതിപ്പെട്ടു. നഷ്ടപരിഹാരം ലഭിച്ചുവെന്നു മാത്രമല്ല, ബാങ്കിനെ കോടതി കടുത്ത ഭാഷയിൽ ശകാരിക്കുകയും ചെയ്തു. കോടതിയിൽ നിന്നുള്ള അനുകൂല വിധി തനിക്ക് ലഭിച്ചത് വ്യക്തിഗത വിജയമല്ല; മറിച്ച് ഉപഭോക്താക്കളുടെ ആകമാന വിജയം എന്നായിരുന്നു ദീപിക പള്ളിക്കലിന്റെ പ്രതികരണം.

ഇനി മറ്റൊരു സംഭവം കേൾക്കൂ. ഒരാൾ ഒരു ഫ്ളാറ്റ് ബിൽഡറെ സമീപിക്കുന്നു. നിർമ്മാണം നടക്കുന്ന ഫ്ളാറ്റിൽ ഒരെണ്ണം മുൻകൂറായി ബുക്ക് ചെയ്തു. 49 ലക്ഷം രൂപ വിലയിട്ട ഈ ഫ്ളാറ്റിൽ പൊതുവായി സിസിടിവി ക്യാമറ, സ്വിമ്മിംഗ്പൂൾ, ജിംനേഷ്യം, ശുദ്ധജലം, കുക്കിംഗ് ഗ്യാസ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഉണ്ടാകും എന്ന കരാറിൽ ഇരുവരും ഒപ്പിട്ടു. കേരളത്തിൽ സാധാരണ സംഭവിക്കാറില്ലാത്തവിധം കൃത്യസമയത്ത് നിർമ്മാണം പൂർത്തിയാക്കി താമസത്തിനായി ഫ്ളാറ്റ് കൈമാറ്റം ചെയ്യപ്പെട്ടു. താമസം തുടങ്ങി മൂന്നുമാസം കഴിഞ്ഞപ്പോൾ നമ്മുടെ കക്ഷിയുടെ വാസസ്ഥലത്തുനിന്നും, അതായത് ഫ്ളാറ്റിൽ നിന്നും, ഒരു ലക്ഷം രൂപയും 50 പവന്റെ സ്വർണ്ണവും മോഷ്ടിക്കപ്പെട്ടു. പോലീസിൽ പരാതി സമർപ്പിച്ചതിനുശേഷമാണ് സംഗതിയുടെ കിടപ്പ് മനസ്സിലായത്. ഫ്ളാറ്റ് വാങ്ങുമ്പോൾ ഒപ്പുവച്ച ഉടമ്പടിയിൽ പറഞ്ഞിരുന്നതു പ്രകാരമുള്ള സി.സി.ടി.വി ക്യാമറ ഒരിക്കലും പ്രവർത്തനക്ഷമമായിരുന്നില്ല. അതുകൊണ്ടു തന്നെ കള്ളനെക്കുറിച്ച് ഒരു തുമ്പും കിട്ടിയില്ല.

മേൽവിവരിച്ച സംഭവത്തിൽ ഫ്ളാറ്റ് ബിൽഡറുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കാനാവുമോ ? സിസിടിവി ക്യാമറ പ്രവർത്തനക്ഷമമായിരുന്നോ എന്ന് ഉറപ്പുവരുത്തുന്നതിൽ ഫ്ളാറ്റ് വാങ്ങിയ ആൾ പരാജയപ്പെട്ടു. അതുകൊണ്ട് പരിഹാരം തേടാനാവില്ല എന്ന ഒഴുക്കൻ മറുപടി പറഞ്ഞ് ഒഴിയല്ലേ. ഇപ്പറഞ്ഞ ഫ്ളാറ്റ് ഉടമ ബിൽഡർക്കെതിരെ കരാർ ലംഘനത്തിന് പരാതി നൽകി നഷ്ടപരിഹാരം വാങ്ങി.

ഇനിയും ഇത്തരം നിരവധി സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനാവും. സ്ഥലപരിമിതി മൂലം അതിനു മുതിരുന്നില്ല. എന്നാൽ മേൽവിവരിച്ച മൂന്നു സംഭവങ്ങൾ ഉപഭോക്താവിന് നൽകുന്ന അർത്ഥവത്തായ ചില പാഠങ്ങൾ ഉണ്ട്.



ഹൈടെക് യുഗത്തിൽ ഉപഭോക്താവ് വിപണിയിലെ കൂടുതൽ കൂടുതൽ കെണികളിൽ ചെന്നുപെടുന്നുവെന്ന യാഥാർത്ഥ്യം ആണ് ഇതിൽ പ്രധാനം. അമിതവില ഈടാക്കലും, മായം ചേർക്കലും ഉൾപ്പെടെ ഇതിനകം സൂചിപ്പിച്ച ദുഷ്പ്രവണതകൾ അനായാസം തുടരുന്നു. ഇവയ്ക്കുപുറമേ, ചില നൂതന ചതിക്കുഴികൾ കൂടി ഉപഭോക്താവിന് അഭിമുഖീകരിക്കേണ്ടി വരുന്നു. സാധാരണമായ ചില ചതിപ്രയോഗങ്ങൾ എന്തൊക്കെ എന്നു പരിശോധിക്കാം.

ക്രെഡിറ്റ് കാർഡാണ് ഉപയോക്താവിനെതിരെ പ്രയോഗിക്കപ്പെട്ട കുതന്ത്രങ്ങളിൽ പ്രധാന ആയുധം. ബില്ലിംഗിൽ വരുത്തുന്ന ക്രമക്കേടുകൾ, അമിത പലിശ ചുമത്തലുകൾ, ലേറ്റ്ഫീ ചുമത്തലുകൾ, അധിക ചാർജ് ഈടാക്കലുകൾ തുടങ്ങി ഇവ്വിധം വഞ്ചനാരീതികൾ പലതുണ്ട്. മൊബൈൽ, ടെലിഫോൺ സർവ്വീസുമായി ബന്ധപ്പെട്ടതാണ് മറ്റൊരു വഞ്ചന, ഫ്രീകോൾ, കണക്ഷൻ അവസാനിപ്പിക്കുന്നതിനുള്ള ചാർജ് തുടങ്ങി ഈ ഇനത്തിലെ പരാതികൾ നിരവധിയാണ്. വിദേശത്തുനിന്ന് പണം അയച്ചു തരാം എന്ന വാഗ്ദാനവുമായി ബന്ധപ്പെട്ട ചതിയിൽ അകപ്പെടുന്ന മലയാളികൾ നിരവധി ഉണ്ട്. ഉല്പന്നങ്ങളെക്കുറിച്ച് മതിയായ വിവരങ്ങൾ വെളിപ്പെടുത്താതെയും അനുബന്ധകാര്യങ്ങളിൽ തെറ്റിദ്ധാരണാജനകമായി വിവരങ്ങൾ പറഞ്ഞു ധരിപ്പിച്ചും ഇന്റർനെറ്റിൽ നടക്കുന്ന ലേലം തുടങ്ങിയ കള്ളക്കളിയും സർവ്വസാധാരണമായിരിക്കുന്നു. ഓൺലൈനിൽ വാങ്ങുന്ന സാധനങ്ങളെക്കുറിച്ചുള്ള പരാതികളും വിരളമല്ല. കാലവിളംബം വരുത്തി വാഗ്ദാനം നിറവേറ്റുക, നേരത്തെ സമ്മതിച്ച വില്പനാനന്തര സേവനങ്ങൾ നടത്താതിരിക്കുക, നേരത്തേ ഉറപ്പിച്ച വില്പനയ്ക്കു മേൽ അധിക ചാർജ് ഈടാക്കുക തുടങ്ങിയ ഈ ഇനത്തിലെ പരാതികൾ നിരവധിയാണ്. ട്രയൽ ഓഫർ, സ്പൈവെയർ, മാൽവെയർ തുടങ്ങി ഇന്റർനെറ്റ് സേവനങ്ങളിലെ ചതികൾ എണ്ണമറ്റതാണ്. പരസ്യ ഏജൻസികൾക്ക് വ്യക്തിഗത വിവരങ്ങൾ ചോർത്തിക്കൊടുക്കുന്ന പതിവ് പരസ്യമായ രഹസ്യമാണ്. ഇന്റർനെറ്റ് സേവനങ്ങളിൽ മറ്റുള്ളവർ അനുവർത്തിക്കുന്ന ചതിപ്രയോഗങ്ങൾ ഞങ്ങൾ ചെയ്യില്ല എന്നതാണ് പുതുതായി രംഗപ്രവേശം ചെയ്ത ചില സർച്ച് എഞ്ചിൻ സ്ഥാപനങ്ങളുടെ പരസ്യം തന്നെ. വായ്പ എടുത്ത തുകയിലും



ഉല്പന്നങ്ങളും സേവനങ്ങളും വാങ്ങിയതിലെ കുടിശ്ശികയിലും പിരിവ് നടത്തുന്നതിന് ക്വട്ടേഷൻ സംഘത്തെ ചുമതലപ്പെടുത്തുന്ന പതിവ് നമ്മുടെ നാട്ടിലും വ്യാപിച്ചിരിക്കുന്നു. ശാരീരികവും മാനസികവും ആയ ഉപദ്രവങ്ങൾ ഉണ്ടാക്കുന്നതിന് ഇത്തരം ക്വട്ടേഷൻ സംഘങ്ങൾക്ക് മടിയില്ല എന്നതാണ് അവരെ ഈ കൃത്യം നിർവ്വഹിക്കുന്നതിന് യോഗ്യരാക്കുന്നത്.

എന്തു കൊണ്ട് സാക്ഷരതയിൽ വികസിത രാജ്യങ്ങളോടൊപ്പം നിൽക്കുന്ന ഒരു സംസ്ഥാനത്ത് ഉപഭോക്താക്കൾ ഇത്തരം ചതിപ്രയോഗങ്ങൾക്ക് പാത്രീഭൂത രാകുന്നുവെന്ന് കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഉല്പന്നങ്ങളുടെ യഥാർത്ഥ വില, ഗുണമേന്മ, അനുബന്ധ സേവനങ്ങൾ എന്നിവയെക്കുറിച്ച് ഉപഭോക്താവിന്റെ അജ്ഞതയാണ് ഇതിന് മുഖ്യ കാരണം. 'വിട്ടുകള', 'എന്തു ചെയ്യാനാണ്', 'എല്ലാം ശരിയാകും', 'കാഷ് മെമ്മോ വേണ്ട', 'സുഹൃത്തായ കടയുടമ കള്ളം കാണിക്കില്ല' തുടങ്ങിയ ഉപഭോക്താവിന്റെ അലക്ഷ്യ മനോഭാവം മറ്റൊരു വില്ലനാണ്. പരസ്യത്തെ തുടർന്ന് വരുന്ന ടെലിമാർക്കറ്റിംഗുമായി ബന്ധപ്പെട്ട മധുരഭാഷണം വില കൂടിയ ഉല്പന്നങ്ങൾ വാങ്ങുന്നതിൽ വരെ ഉപഭോക്താവിനെ എത്തിക്കാറുണ്ട്. ഈ ഇടപാടിലെ നിജസ്ഥിതിയെക്കുറിച്ച് നാളുകൾ കഴിഞ്ഞാകും ബോധ്യം വരിക. ചില ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും ഉള്ള കുത്തകാവകാശം ഉപഭോക്താവിനെ വല്ലാതെ വലയ്ക്കുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ, കൂടുതൽ പരാതികളും പരിഭവങ്ങളും ഉയർന്നു വരുന്ന ചില ഉല്പന്നങ്ങൾ വാങ്ങുന്നതിൽ ഉപഭോക്താവ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത് ഉചിതമാകും. വാഹനങ്ങൾ വാങ്ങുമ്പോൾ നമ്മുടെ ഉപയോഗത്തെ സംബന്ധിച്ച് വ്യക്തത ഉണ്ടാക്കുക; വീട് വയ്ക്കുമ്പോഴും, അറ്റകുറ്റ പണികൾ നടത്തുമ്പോഴും, ഇതുമായി ബന്ധപ്പെട്ട മേഖലകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക; ഫോൺ, കേബിൾ, ഇന്റർനെറ്റ്, വൈദ്യുതി കണക്ഷൻ, ഗ്യാസ് കണക്ഷൻ എന്നിവയിൽ മതിയായ ധാരണ ഉണ്ടാക്കുക എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ധനസംബന്ധിയായിട്ടാണ് കൂടുതൽ ചതിപ്രയോഗങ്ങൾ വിപണിയിൽ ഉള്ളത് എന്നത് മനസ്സിലാക്കി വിദഗ്ദ്ധ ഉപദേശം ആവശ്യമായ സന്ദർഭങ്ങളിൽ സ്വീകരിക്കുന്നതിൽ മടി കാണിക്കരുത്. സമ്മാനം, റിബേറ്റ്,



ആരോഗ്യ

കൂപ്പണുകൾ തുടങ്ങിയവ വാഗ്ദാനം ചെയ്തുകൊണ്ടുള്ള വില്പനയിൽ നിങ്ങൾ യാതൊരു തരത്തിലും വഞ്ചിക്കപ്പെടില്ല എന്ന് ഉറപ്പുവരുത്തണം. ആരോഗ്യ ദായകമെന്നും സൗന്ദര്യവർദ്ധനയ്ക്ക് സഹായകമെന്നും വ്യാപകമായി പ്രചരിപ്പിച്ചും പരസ്യം ചെയ്തും വില്പന നടത്തുന്ന ഉല്പന്നങ്ങളും സേവനങ്ങളും എത്രകണ്ട് പ്രയോജനപ്രദമെന്ന് പരിചയസമ്പന്നരിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും ബോധ്യപ്പെടേണ്ടത് അനിവാര്യമാണ്.

ചുരുക്കത്തിൽ, ഉപഭോക്താവ് ആലസ്യത്തിൽ നിന്ന് ഉണർന്നാൽതന്നെ വിപണിയിലെ ചതിക്കുഴികളിൽ നിന്നും കൗശലപൂർവ്വം ഒഴിഞ്ഞു മാറാനാവും.

**എഴുത്ത്,**

**മാർച്ച് 2019.**



# In the fear of eviction

**V.Venkatesan**

TRIBAL and other forest-dwelling communities constitute 8 per cent of India's population. Rapid urbanisation and the push for mega projects have, over the years, limited their access to land and natural resources. Already marginalised, they now face the threat of eviction from their homes, thanks to the the Narendra Modi government's inaction when a key case involving their rights came up for hearing before a three- judge bench in the Supreme Court on February 13.

The bench, comprising Justices Arun Mishra, Navin Sinha and Indira Banerjee, ordered the forced eviction of more than 11 lakh tribal and other forest-dwelling households from forest lands in 16 States. The Centre's counsel was not present to express its reservations over the order. Although the same bench kept its order in abeyance on February 28 owing to concerns expressed by the Centre, the prospect of the stay being lifted by the court at a future date hangs like a sword of Damocles over the forest dwellers.

The reason for the February 13 order was that the claims of forest dwellers over forest land had been rejected by the respective State governments under the Forest Rights Act (FRA), or the Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006. The FRA recognises pre-existing forest rights, and only those people in actual occupation of forest land as on December 13, 2005, are eligible as per the law. People belonging to the other traditional forest dwellers (OTFDs) category, who form the bulk of the claims, have to establish continuous 75-year occupation for eligibility.

After the enactment of the FRA, according to a September 2018 statement of the Ministry of Tribal Affairs (MoTA), 42 lakh claims over forest lands, including tracts within national parks and sanctuaries, were filed by tribal people and OTFDs. According to Conservation India, an analysis of the official data reveals that a total of 18,89,835 titles have been granted and 72,23,132 hectares, or 72,000 square kilometres of public forest land (almost the size of Assam) have been granted and converted into individual and community ownership in bits and pieces across the country.



The petitioners argued that apart from loss of forests, granting wide ranging rights in scattered parcels of forest land was having a deleterious impact in the form of habitat fragmentation or breaking up of large forest blocks into smaller pieces. Fragmentation, they said, had been scientifically established as the most serious threat to long-term conservation of forests and biodiversity. The petitioners contended that in order to protect national parks and sanctuaries, which were sensitive habitats of highly endangered wildlife and which covered less than 5 per cent of India's landscape, one salutary clause was included in the FRA. That, they argued, provided for notification of national parks and sanctuaries as Critical Wildlife Habitats from where people could be resettled. Shockingly, although over 72 lakh ha of forest land had been granted under the FRA since 2008, not one hectare of Critical Wildlife Habitat had been notified as yet, they submitted.

Retired forest officials from Andhra Pradesh, Odisha, Maharashtra and Karnataka, along with conservation organisations such as the Wildlife Trust of India, the Nature Conservation Society, the Tiger Research and Conservation Trust and the Bombay Natural History Society, filed nine cases in courts. Their plea is to get the FRA and orders under it struck down as unconstitutional.

The court fixed July 24 as the deadline for the 16 State governments to comply with its February 13 eviction order. The bench warned them that non-compliance with the order would be viewed seriously. Each of the 16 States- Andhra Pradesh, Assam, Bihar, Chhattisgarh, Goa, Gujarat, Himachal Pradesh, Jharkhand, Karnataka, Kerala, Maharashtra, Odisha, Rajasthan, Tamil Nadu, Telangana and Tripura-was asked to file affidavits as to why after the rejection of the claims, which had attained finality, eviction had not been made. The bench had also directed the Forest Survey of India (FSI) to make a satellite survey and place on record the encroachment positions and also state the positions after the eviction as far as possible. On February 28, the States were asked to file an affidavit by July 10, to explain the procedure they adopted to reject the claims of forest dwellers.

Perturbed by reports of unrest among forest dwellers following the February 13 order, the Centre quickly moved the bench with a plea to keep its order in abeyance, pending review of the rejected claims by the respective State governments.



On February 28, the Centre offered no explanation to the court for its inaction during the previous hearing of the case. The Solicitor General, Tushar Mehta, representing the Centre, explained the coexistence of forest dwellers with the natural habitat for centuries, as if the Centre became aware of this phenomenon only recently.

The unstated reason was, of course, the forthcoming general election and the reluctance of the Central government to risk alienation of a large section of people living on forest margins, which could tilt the scales against it in a closely fought election. Couching its intentions, the Centre pleaded that the February 13 order “caused serious prejudice to several people’s lives”.

The Centre’s counsel told the court that forest dwellers were not aware of the appellate jurisdiction they were entitled to following the rejection of their claims. ‘’There was no single speaking order of rejection of their claims,” counsel told the court. All the orders carried just one word, “rejected”, he said. The absence of “speaking orders” means that forest dwellers are not aware of the grounds for the rejection of their claims to forest land. Knowing the reasons for the rejection would enable them to rebut them invoking the appellate remedy. That the rejection orders were not served on forest dwellers individually was another ground of attack on the so-called non-compliance with the eviction orders served by the authorities earlier.

Accepting the Centre’s plea, the bench observed that there was a need to check if gram sabhas and the State authorities followed due process stipulated under the FRA while dealing with the claims. The bench asked the States to respond to allegations of high rates of rejections, non-communication of rejection orders to the affected people, lack of reasoning in the rejection orders and rejection on frivolous and extraneous grounds.

**NATURAL JUSTICE**

According to the Centre’s guidelines, if a claim is rejected, the claimant has to be informed about the reasons for the rejection, and he or she would then have 90 days to appeal against it. Provision of reasonable opportunity to the households being asked to vacate the forest land to refute the cited grounds for eviction is part of natural justice; it is inexplicable how the States, the Centre and the Supreme Court overlooked it while ordering eviction of forest dwellers, whose claims might have been rejected without valid reasons.



The nodal Ministry for the implementation of the FRA, the Union Ministry of Tribal Affairs (MoTA), publishes monthly updates on the status of implementation of the Act on its website. For the period ending November 30, 2018 (for which the latest figures were available), the Ministry stated that 42,24,951 claims (40,76,606 individual and 1,48,345 community claims) had been filed and 18,94,225 titles (18,22,161 individual and 72,064 community claims) distributed. A total of 38,33,456 (90.73 per cent) claims had been disposed of, the Ministry claimed. A total of 19,39,231 claims had been rejected, of which 18,92,893 were individual claims while 46,338 were community claims.

Of these, Chhattisgarh topped the list with 4,62,403 rejections, followed by Madhya Pradesh with 3,62,024 rejections. Maharashtra and Odisha came next with 2,28,116 and 1,46,525 rejections respectively. Interestingly, none of the "rogue" States-claiming a high number of rejection of claims-had responded under the column, "Problems/Re- marks", giving the reasons for the high number of rejections.

The States give cumulative data to the MoTA on the rejections at the level of the gram sabha, the subdivisional level committee (SDLC) or the district level committee (DLC), the three hierarchical layers of the rejection process, starting from the gram sabha. The data uploaded on the MoTA's website are exclusive of the rejections after the process of appeal. The claims can be rejected at any of the three levels, but the claimant can appeal to the next level. A rejection by DLCs can be challenged in a court of law. Most people whose claims had been rejected have not gone for appeal, perhaps for reasons such as ignorance of law and the nature of evidence that they can submit to substantiate their claims. There is apparently a high rate of rejection at the gram sabha level, for which no reasons are forthcoming.

The MoTA had expressed its concern, after the Supreme Court's similar order seeking eviction of households, whose claims were rejected, on March 7, 2018. The Ministry stated that it had come to its notice that the State forest authorities moved immediately to evict people whose claims under the FRA had been rejected, without waiting for a decision on review or appeal or allowing time for filing appeal/review, ostensibly under the March 7, 2018, order of the



Supreme Court. "Such an action, while depriving the aggrieved persons the opportunity to prefer appeal before the SDLC or the DLC violated the spirit of the FRA, 2006, besides creating grounds for unrest and agitation and also fuelled extremism," the MoTA had observed.

Letters by the Ministry to the State governments on September 12, 2014, and April 10, 2015, question their high rate of rejection of claims. "There is a need to have a relook into the cases of doubtful rejections so that any rightful claim does not get denied," the Centre said, adding that the high rejection rate of the claims of the OTFDs (those who are not Scheduled Tribes) in left-wing extremism -affected areas, owing to the wrong interpretation of the FRA's provisions, is a matter of concern. Therefore, the Centre's silence during the February 13 hearing of the case is intriguing, notwithstanding its attempt to make amends on February 28.

On February 4, leaders of the Communist Party of India, the Communist Party of India (Marxist) and the Congress, along with two platforms of Adivasis and forest dwellers' movements, sent a letter to the MoTA about its failure to defend the historic and landmark FRA in the Supreme Court.

